Page 1 of 1

പാർലമെന്റേറിയന്മാരായി തെരഞ്ഞെടുക്കുന്ന കുട്ടികൾക്കായി പഴയ നിയമസഭാ ഹാളിൽവച്ച് മോഡൽ പാർലമെന്റ്, ദ്വിദിന ക്യാമ്പ്, പാർലമെന്റ് സന്ദർശനം എന്നിവയും കൂടാതെ പാർലമെന്ററി ജനാധിപത്യത്തെ അടിസ്ഥാനമാക്കി ക്വിസ്/പ്രസംഗം/ ഉപന്യാസം എന്നിവയിൽ മത്സരങ്ങളും ജില്ലാ/സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കോഴിക്കോട് ജില്ലയിൽ സെമിനാർ നടന്ന സ്കൂളുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

112 (939) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2018-19 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ രാഷ്ട്രീയവും, സാമൂഹികപരവുമായി പ്രാധാന്യമുള്ള ഏതെങ്കിലും വിഷയങ്ങളിൽ പഠനവും, ഗവേഷണവും നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ 200 കോളേജുകളിൽ മോഡൽ പാർലമെന്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) കേരള സർവ്വകലാശാല സർവ്വേ റിസർച്ച് സെന്ററുമായി സഹകരിച്ച് തെരഞ്ഞെടുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്ററായി ഉയർത്തുന്നതിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly